**കേരള കാർഷിക സർവകലാശാല വാർത്തകൾ**

(ഏപ്രിൽ 20 – 26 , 2018)

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2018 – 17** **Dt. 19.04.2018**

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

വേനൽമഴ നന്നായി കിട്ടിയ സ്ഥലങ്ങളിൽ തെങ്ങിൻ തൈ നടാൻ പറ്റിയ സമയമാണ്. താവരണകളിൽ തയ്യാറാക്കിയ തൈകളെ തിര ഞ്ഞെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. 9 മുതൽ 12 മാസം വരെ പ്രായമായ നല്ല ആരോഗ്യമുള്ളതും രോഗബാധ ഇല്ലാത്തതുമായ തൈകളാണ് തിരഞ്ഞെടുക്കേണ്ടത്. ഒൻപത് മാസം പ്രായമായ തെങ്ങിൻ തൈകളിൽ ചുരുങ്ങിയത് 4 ഓലകളെങ്കിലും ഉണ്ടായിരിക്കണം. നേരത്തെ മുളച്ചതും നേരത്തെ ഓലക്കാൽ വിരിഞ്ഞതുമായ തൈകൾ വേണം നടാൻ തിരഞ്ഞെ ടുക്കേണ്ടത്. ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള കുഴികൾ വേണം എടുക്കാൻ. മൂന്നിലൊന്ന് ആഴത്തിൽ വളക്കൂറുള്ള മേൽമണ്ണ് കൊണ്ട് കൂന കൂട്ടിയതിന് ശേഷം കൂനയുടെ നടുവിൽ കുഴിയെടുത്ത് തൈകൾ നടാം. നടുമ്പോൾ തൊണ്ടു മാത്രം മണ്ണിനടിയിൽ ആയാൽ മതി. കുഴിക്കു ചുറ്റും മണ്ണ് വെട്ടിക്കൂട്ടി വരമ്പ് ഉറപ്പിക്കുകയാണെങ്കിൽ ഒഴുക്കു വെള്ളം കുഴിയിൽ ഇറങ്ങാതിരിക്കും. കുഴിയിൽ വരുന്ന പെയ്ത്തുവെള്ളം താനെ വലിഞ്ഞു കൊള്ളും. ഒഴുക്കുവെള്ളം കുഴിയിൽ ഇറങ്ങാൻ ഇടയാ യാൽ കുഴി ഭാഗികമായി മൂടിപ്പോകുകയും വെള്ളം കെട്ടി നിന്ന് തൈകൾ നശിച്ചു പോകുകയും ചെയ്യും.

വെസ്റ്റ് കോസ്റ്റ് ടോൾ, കോമാടൻ, കുറ്റ്യാടി, ലക്ഷദ്വീപ് ഓർഡിനറി തുടങ്ങിയ നാടൻ ഇനങ്ങളും ഡി X റ്റി, കേരഗംഗ, കേരശ്രീ, കേരസൗഭാഗ്യ തുടങ്ങിയ ഇനങ്ങളുമാണ് നടാൻ നല്ലത്. ഡി X റ്റി കാസർഗോഡുള്ള പീലി ക്കോട് പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രത്തിൽ നിന്ന് നേരത്തെ തന്നെ ബുക്ക് ചെയ്താൽ ലഭിക്കുന്നതാണ്. മഴക്കാലത്തിനു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുന്നതു വഴി കൂമ്പു ചീയൽ, ഓലചീയൽ, മഹാളി എന്നീ രോഗങ്ങളെ പ്രതിരോധിക്കാൻ കഴി യും.

നീർവാർച്ചയുള്ള മണ്ണിൽ കമുകിൻ തൈകളും ഇപ്പോൾ നടാം. ഉയരം കുറവും 5-6 ഇലകളുമുള്ളവയാണ് ലക്ഷണമൊത്ത തൈകൾ. ശക്തിയായ വെയിലിൽ നിന്നും രക്ഷിക്കുന്നതിനായി തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കണം. ആദ്യത്തെ 4-5 വർഷം വരെ തണലിനായി വരികൾക്കിടയിൽ വാഴ നടാവുന്നതാണ്. കമുകിൻ തോട്ടത്തിൽ കളകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം. വെള്ളം വാർന്നു പോകുന്നതിന് ചാലുകൾ വൃത്തിയാക്കണം.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കമുകിന് കുമ്മായം ഇടണം. കുമ്മായം ഒരു മരത്തിന് 500 ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കണം. മണൽ പ്രദേശങ്ങളിൽ വേരുതീനിപ്പുഴുക്കളുടെ ശല്യം കാര്യമായി ഉണ്ടാകുകയാണെങ്കിൽ വേപ്പിൻപിണ്ണാക്ക് ഇട്ടു കൊടുത്താൽ മതിയാകും.

പുഴുവില്ലാത്ത മാമ്പഴത്തിനായി ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടി ചേർത്ത് ലിറ്ററിന് 1 ഗ്രാം വീതം കറിയുപ്പും ചേർത്തശേഷം മാമ്പഴമിട്ട് 15 മിനിട്ടു നേരം വെക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് വെള്ളത്തിൽ കഴുകി തുടച്ചതിനുശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം ഭക്ഷിക്കാം.

**<u>അറിയിപ്പ്</u>**

**1.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ സ്യൂഡമോണാസ്, വെർട്ടിസീലിയം, ബ്യുവേറിയ, മെറ്റാറേസിയം, ട്രൈക്കോഡെർമ എന്നിവ ജീവാണുക്കളുടെ ചെറിയ പായ്ക്കറ്റുകളിലാക്കി വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: **8086405476, 9645420575**

**2.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, ത്രൈമാസിക പ്രസിദ്ധീകരണമായ കല്പധേനുവിന്റെ ജനുവരി-മാർച്ച് ലക്കവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

**3.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ, പാൽ കൂൺ വിത്ത് വിൽക്കപ്പെടുന്നു. 300 ഗ്രാം 40 രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

**4.** തൃശ്ശൂർ പൂരം പ്രദർശനത്തിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുടെ പവലിയൻ പൊതുജനങ്ങൾക്കായി 21/04/2018 ശനിയാഴ്ച മുതൽ തുറന്നു കൊടുക്കുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ, കൊക്കോ ഗവേഷണ കേന്ദ്രം, വാഴ ഗവേഷണ കേന്ദ്രം, വനശാസ്ത്ര കോളേജ്, സെൻട്രൽ നഴ്സറി, കാർഷിക ഗവേഷണ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളുടെ വൈവിദ്ധ്യമാർന്നതും ആകർഷണീയവുമായ പ്രദർശന വേദിയിലേയ്ക്ക് ഏവർക്കും സ്വാഗതം. ഇതോടൊപ്പം കർഷകർക്കായി കാർഷിക ക്ലിനിക്കുകളും പവലിയനിൽ പ്രവർത്തിക്കുന്നു.

**ഒപ്പ്/-**
**പ്രൊഫസർ & ഹെഡ്**